പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 1 7.2.11 ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതി

ചോദ്യം

ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീ.ആർ.സെൽവരാജ്
ശ്രീ. വി.ശിവൻകുട്ടി
ശ്രീ.വി.ജെ.തങ്കപ്പൻ

മറുപടി

ശ്രീ. വി.സുരേന്ദ്രൻ പിള്ള
(തുറമുഖവും യുവജനകാര്യവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; | എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികളും പോർട്ട് ഓപ്പറേറ്ററെ കണ്ടെത്താനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| ബി | പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | ബി | പാരിസ്ഥിതികാനുമതിക്കായി പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പരിസ്ഥിതി കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ക്ലിയറൻസിന്റെ ആദ്യഘട്ടമായ Form No.1&ToR അംഗീകരിച്ചിട്ടുണ്ട്. പഠനം പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം ലഭിക്കുന്നതാണ്. |
| സി | നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | സി | അടിസ്ഥാന സൗകര്യങ്ങളിലൊന്നായ റോഡ് നിർമ്മാണം പുരോഗമിക്കുന്നു. റെയിൽ, ശുദ്ധജലം, വൈദ്യുതി എന്നിവയ്ക്കായുള്ള ചർച്ചകൾ നടന്നുവരുന്നു. ഇത് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കും. |
| ഡി | പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | ഡി | പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കുന്നതിന് SBT യുടെ നേതൃത്വത്തിലുള്ള ബാങ്കുകളുടെ കൺസോർഷ്യവുമായുള്ള ചർച്ച നടന്നു വരുന്നു. |

| | | | |
|---|---|---|---|
| ഇ | അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ ? | ഇ | തുറമുഖത്തേക്കുള്ള റെയിൽ പാതക്ക് റെയിൽവേയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചു. റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലും DPR തയ്യാറാക്കലും അന്തിമ ഘട്ടത്തിലാണ്. തുറമുഖത്തേക്ക് ശുദ്ധജലം എത്തിക്കുന്ന ടെണ്ടർ നടപടികൾ വാട്ടർ അതോറിറ്റി വഴിയും വൈദ്യുതി എത്തിക്കുന്ന നടപടികൾ വൈദ്യുതി ബോർഡ് വഴിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.2** **07.02.2011-ൽ മറുപടിക്ക്**

### ആഗോള സാമ്പത്തികമാന്ദ്യം നേരിടുന്നതിന് ആവിഷ്ക്കരിച്ച സാമ്പത്തികതന്ത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. ബാബു.എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ<br>ശ്രീ. മുരളി പെരുനെല്ലി | ഡോ. റ്റി.എം.തോമസ് ഐസക്ക്<br>ധനകാര്യ മന്ത്രി |

| | | |
|---|---|---|
| (എ) | ആഗോള സാമ്പത്തികമാന്ദ്യത്തെ നേരിടുന്നതിന് വകുപ്പ് ആവിഷ്ക്കരിച്ച സാമ്പത്തികതന്ത്രത്തിന്റെ വിശദാംശം നൽകുമോ; | ആഗോള സാമ്പത്തികമാന്ദ്യം നേരിടുന്നതിന് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, തൊഴിലും വരുമാനവും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനായുള്ള പൊതുമൂലധന നിക്ഷേപം ഉയർത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള മാന്ദ്യവിരുദ്ധ പാക്കേജാണ് വകുപ്പ് ആവിഷ്ക്കരിച്ചത്. |
| (ബി) | സാധാരണക്കാരെ സഹായിക്കുന്നതിന് ആവിഷ്ക്കരിച്ച സാമൂഹ്യ സുരക്ഷിതത്വ നടപടികൾമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ; | സാധാരണക്കാരെ സഹായിക്കുന്നതിന് ആവിഷ്ക്കരിച്ച സാമൂഹ്യ സുരക്ഷിതത്വ നടപടികളുടെ ഭാഗമായി സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ 300 രൂപയായി വർദ്ധിപ്പിച്ചു. ക്ഷേമപെൻഷനുകളുടെ കുടിശ്ശിക തീർക്കുന്നതിന് മുന്തിയ പരിഗണന നൽകി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പട്ടികവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ആശ്രയ സ്കീം കുടുംബങ്ങൾ എന്നിവർക്കും കിലോയ്ക്ക് 2 രൂപയ്ക്ക് റേഷനരി ലഭ്യമാക്കിവരുന്നു. ഭക്ഷ്യസബ്സിഡിക്കായിമാത്രം 278 കോടി രൂപ ഈ വർഷം ചെലവഴിക്കപ്പെടും. സിവിൽ സപ്ളൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ മാർക്കറ്റ് ഇന്റർവെൻഷൻ സ്കീമിലേക്കായി ഈ വർഷം 170 കോടിയോളം രൂപ |

| | | |
|---|---|---|
| | | ചെലവഴിക്കും. ദുർബ്ബല വിഭാഗങ്ങളുടെ ഭവനവായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുമൂലം 41,500-ൽപ്പരം കുടുംബങ്ങൾക്ക് ആശ്വാസം ലഭിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വായ്പയെടുത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർ, പരിവർത്തിത ക്രൈസ്തവർ എന്നിവരുടെ വായ്പകളുടെ പലിശയും പിഴപലിശയും 25,000 രൂപവരെയുള്ള മുതലും എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചു. ദുർബ്ബല വിഭാഗങ്ങളുടെ ഭവനവായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിച്ചു. ഇ.എം.എസ്. ഭവന പദ്ധതിയുടെ പലിശ ബാദ്ധ്യത, ഭവനശ്രീ വായ്പ എന്നിവ സർക്കാർ ഏറ്റെടുത്തു. കൂടാതെ സാധാരണക്കാർക്കുള്ള എം.എൻ. ഭവനപുനരുദ്ധാരണ പദ്ധതിയും നടപ്പിൽ വരുത്തി. കയർ മേഖലയിൽ വില സുസ്ഥിരതാ ഫണ്ട് നടപ്പിൽ വരുത്തി. |
| (സി) | തൊഴിലും വരുമാനവും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച ഉത്തേജക പാക്കേജ് സാമ്പത്തിക മാന്ദ്യം നേരിടുന്നതിന് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | പൊതുമൂലധന നിക്ഷേപം ഉയർത്തി തൊഴിലും വരുമാനവും ഉൽപ്പാദനവും വർദ്ധിപ്പിക്കുക എന്നലക്ഷ്യമിട്ടുകൊണ്ടാണ് 10000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ് ആവിഷ്ക്കരിച്ചത്. വ്യവസായം, കൃഷി, ജലസേചനം, ഗതാഗതം, ടൂറിസം, ഐ.ടി. തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഇതിനകം ഏകദേശം 5000 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചു വരികയാണ്. ഇതിനുപുറമേ 3000 കോടി രൂപയുടെ ഈ.എം.എസ് പാർപ്പിട പദ്ധതിയും ഒരുലക്ഷം എം.എൻ. ഭവനപുനരുദ്ധാരണ പദ്ധതിയും നടപ്പാക്കിവരുന്നു. നടപ്പുവർഷം പൊതുമേഖലയിൽ 8 പുതിയ വ്യവസായ സ്ഥാപനങ്ങൾകൂടി ആരംഭിച്ചു. 2009-10-ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് 9.73 ആയി ഉയർന്നു. ഇത് അതിനുമുൻപുള്ള |

| | | |
|---|---|---|
| | | മൂന്ന് വർഷങ്ങളെക്കാൾ ഉയർന്ന നിരക്കാണ്. സാമ്പത്തിക മേഖലയിൽ പ്രകടമായ ഈ ഉണർവ്വ് തൊഴിൽ അവസരങ്ങളും വരുമാനവും വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപത്തിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചതുമൂലം 2863.5 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായതായി കണക്കാക്കപ്പെടുന്നു. ഇതിനുപുറമേ കെ.എസ്.ഐ.ഡി.സി നേതൃത്വം നൽകുന്ന പദ്ധതികളിൽ 825 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി, കിൻഫ്ര, ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി, ഹൗസിംഗ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് 10000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 8000 കോടി രൂപ മുതൽമുടക്കുള്ള ചീമേനി താപവൈദ്യുത നിലയം, 300 കോടി രൂപ മുതൽ മുടക്കുള്ള ലൈഫ് സയൻസ് പാർക്ക്, 163 കോടി രൂപയുടെ മുതൽമുടക്കുള്ള വ്യവസായ പാർക്കുകളിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണം, ടൈറ്റാനിയം കോംപ്ലക്സ് തുടങ്ങിയ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പ്, സർവ്വേ തുടങ്ങിയ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3

07.02.2011-ൽ മറുപടിയ്ക്ക്

## ''എൻഡോസൾഫാൻ ദുരന്തം''

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ)എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) എൻഡോസൾഫാന്റെ ഉൽപ്പാദനവും വിതരണവും രാജ്യത്തൊട്ടാകെ നിരോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ബാധിതർക്ക് ആരോഗ്യപരമായും സാമ്പത്തികമായും സഹായം ലഭ്യമാക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ഇനി ആവശ്യമില്ല എന്നും, പഠനസമിതിയെ നിയോഗിക്കുന്നത് പ്രായോഗികമല്ലായെന്നും, എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ ഒരു സ്പെഷ്യൽ പാക്കേജാണ് ആവശ്യമെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| ബി) എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് കേന്ദ്ര സംഘം പഠനം ആരംഭിച്ചിട്ടുണ്ടോ;<br>സി) എന്തെല്ലാം വിഷയങ്ങളാണ് കേന്ദ്ര സംഘത്തിന്റെ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | ബി & സി) കേന്ദ്ര സംഘത്തിന്റെ പഠനത്തെക്കുറിച്ചുള്ള അറിയിപ്പുകളൊന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |

| | |
|---|---|
| ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം വാഗ്ദാനംചെയ്തിട്ടുണ്ടോ; സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങൾ ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ; | ഡി) കേന്ദ്രസർക്കാർ നാളിതുവരെ സഹായങ്ങളൊന്നും വാഗ്ദാനം ചെയ്തിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ദുരിതബാധിതർക്കായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. |
| ഇ) എൻഡോസൾഫാൻ ദുരന്തം സംബന്ധിച്ച കേന്ദ്ര മനുഷ്യാവകാശ കമ്മീഷന്റെ നിരീക്ഷണങ്ങളും ശുപാർശകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഇ) ഉണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിരീക്ഷണങ്ങളും ശുപാർശകളും അടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു. ശുപാർശകളിൽ ആവശ്യമായ അനന്തര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 4      07.02.2011 - ൽ മറുപടിക്ക്

**റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബുപോൾ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി കൂടുതൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇപ്പോൾ റേഷൻ കടകൾ വഴി ഏതെല്ലാം ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്നും പുതിയ പദ്ധതി പ്രകാരം ഏതെല്ലാം ഇനം സാധനങ്ങൾ കൂടി വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ; | (ബി) ഇപ്പോൾ ശബരി എ.ആർ.ഡി. പദ്ധതി പ്രകാരം 1674 റേഷൻ കടകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും മാവേലി സ്റ്റോറുകളിലെ വിലയ്ക്ക് വിൽക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ എല്ലാ റേഷൻ കടകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ സബ്സിഡിയില്ലാത്ത അവശ്യ സാധനങ്ങൾ (Non PDS) കൂടി റേഷൻ കടകൾ വഴി വിതരണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

| | |
| --- | --- |
| (സി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) ഉണ്ട്. 337 കോടി ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ 25% കേന്ദ്ര സർക്കാർ അനുവദിക്കുന്നതിനുള്ള ശുപാർശയാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ അത് അനുവദിക്കാത്തതിനാൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു. |
| (ഡി) പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് വരുന്ന മൊത്തം ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 5

7.2.2011 -ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് ലഭ്യമാക്കിയ സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ:<br>ശ്രീ.കെ.വി.മോഹനൻ:<br>ശ്രീ.എം.കെ.പ്രേംനാഥ്: | **ശ്രീ.വി.എസ്.അച്യുതാനന്ദൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം നൽകുന്ന കാര്യത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br><br>(ബി) വിശദാംശങ്ങൾ അനുബന്ധം ഒന്നായി വച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ? | (സി) വിശദാംശങ്ങൾ അനുബന്ധം രണ്ടായി വക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

\

12 ാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 6 - 07-02-2011 -ൽ മറുപടിക്ക്
## ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.കെ.ബാബു | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>ധനകാര്യ വകുപ്പുമന്ത്രി. |

| | |
|---|---|
| എ). സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ അടുത്ത സാമ്പത്തിക വർഷം ആകെ എത്ര കോടി രൂപയുടെ ചെലവ് ഉണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്; | ശമ്പളവും പെൻഷനും പരിഷ്ക്കരിക്കുമ്പോൾ ആകെ 1965 കോടി രൂപയുടെ വാർഷിക അധിക ബാദ്ധ്യത പ്രതീക്ഷിക്കുന്നതായി 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ കണക്കാക്കിയിട്ടുണ്ട് (ശമ്പള പരിഷ്കരണ റിപ്പോർട്ട് ചാപ്റ്റർ നം. 17.29. അനുബന്ധം A). |
| ബി). ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിനായി ഈ തുക എങ്ങനെ സമാഹരിക്കാൻ കഴിയുമെന്നാണ് കുരുതുന്നത്; | 2011-12-ലെ വാർഷിക പദ്ധതിയുടെ സ്കീം ഓഫ് ഫൈനാൻസിംഗ് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ഒമ്പതാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ചെലവ് കൂടി കണക്കിലെടുത്തു കൊണ്ടാണ് 2011-12 ലേക്കുള്ള സ്കീം ഓഫ് ഫൈനാൻസിംഗ് തയ്യാറാക്കിയത്. എന്നിരുന്നാലും ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന അധിക ബാദ്ധ്യതകൂടി കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിലവിലുള്ള മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.5 ശതമാനത്തിൽ നിന്നും 0.5 ശതമാനം വർദ്ധനവ് വരുത്തി 4 ശതമാനമായി ഉയർത്തി നൽകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി). ഇതിനായി ഉപാധികളോടെയുള്ള കേന്ദ്ര വായ്പ ലഭ്യമാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവോ; | ഉപാധികളോടെയുള്ള കേന്ദ്ര വായ്പ ലഭ്യമാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല. |
| ഡി). എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **07.02.2011-ൽ മറുപടിയ്ക്ക്**

## പറമ്പിക്കുളം- ആളിയാർ കരാർ

**ചോദ്യം** **ഉത്തരം**

**ശ്രീ.മുരളി പെരുനെല്ലി :**
**ശ്രീ.എ.സി.മൊയ്തീൻ :**
**ശ്രീ.ബി.ഡി.ദേവസ്സി :**
**പ്രൊഫ.സി.രവീന്ദ്രനാഥ് :**

**ശ്രീ. വി.എസ്.അച്യുതാനന്ദൻ**
**( ബഹു.മുഖ്യമന്ത്രി)**

| | |
|---|---|
| എ) പറമ്പിക്കുളം- ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ചീഫ് സെക്രട്ടറി തല ചർച്ചയിൽ ഏതെങ്കിലും വിഷയത്തിൽ ധാരണയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ പുതുക്കുവാൻ വ്യവസ്ഥയില്ല. കരാർ പുനരവലോകനം ചെയ്യുന്നതിനായി ഏറ്റവുമൊടുവിൽ 21.01.2011-ൽ തിരുവനന്തപുരത്തു വച്ചു നടന്ന കേരള തമിഴ്നാട് ചീഫ് സെക്രട്ടറിതല ചർച്ചയിൽ ഇരു വിഭാഗങ്ങൾക്കും താൽപര്യമുള്ള ഏഴ് പ്രധാനപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ച നടക്കുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. |
| ബി) നിലവിലുള്ള കരാർ പ്രകാരം ഷോളയാറിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട ജലം ഇപ്പോൾ ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം ചർച്ചയിൽ ഉന്നയിച്ചിട്ടുണ്ടോ; | (ബി) കരാർ പ്രകാരം കേരള ഷോളയാറിലേക്ക് ലഭിക്കേണ്ട 12.3 tmcft ജലം ഇപ്പോൾ ലഭിച്ചു വരുന്നു. കൂടാതെ ഫെബ്രുവരി 1-നും സെപ്റ്റംബർ 1-നും കരാർപ്രകാരം ഫുൾ റിസർവ്വോയർ ലെവൽ (എഫ്ആർഎൽ) 2009 മുതൽ തുടർച്ചയായി നാലു തവണ നിലനിറുത്തി. കൂടാതെ ഷോളയാർ സബ് ബേസിനിലെ അധിക ജലലഭ്യതയിൽ നിന്നുള്ള വിഹിതം കേരളം പുനരവലോകന ചർച്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| സി) ആനമലയാറിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നത് സംബന്ധിച്ച് കേരളാ തയ്യാറാക്കിയ റിപ്പോർട്ടിലെ വ്യവസ്ഥകൾ വ്യക്തമാക്കുമോ; | (സി) പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ആനമലയാറിൽ നിന്നും 2.50 tmcft ജലം ഇടമലയാർ പദ്ധതി പൂർത്തിയായതിനുശേഷം തമിഴ്നാടിന് കൊടുക്കാൻ വ്യവസ്ഥയുണ്ട്. അതനുസരിച്ച് KSEB നിർമ്മിക്കുവാൻ ഉദ്ദേശിച്ചുള്ള 100MW ശേഷിയുള്ള ആനമല-മണലി പദ്ധതിയുടെ ഭാഗമായി 2.50 tmcft വെള്ളം തമിഴ്നാട്ടിലെ നീരാർ റിസർവോയറിലേയ്ക്ക് തിരിച്ചു വിടുന്നതിനുള്ള സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആനമലയാറിൽ ഒരു ഡാം നിർമ്മിച്ച് ഉദ്ദേശം 4.8 കി.മീ നീളമുള്ള തുരങ്കത്തിലൂടെ വെള്ളം നീരാറിലേയ്ക്ക് എത്തിക്കുന്നതിനാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്. ബാക്കിയുള്ള ജലം മണലിയിൽ കൊണ്ട് വന്ന് 100 MW ശേഷിയുള്ള ഒരു വൈദ്യുതിനിലയം നിർമ്മിക്കുവാനാണ് KSEB ഉദ്ദേശിക്കുന്നത്. |
| ഡി) തമിഴ്നാടിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള കരാർ ലംഘനങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾ പുനരവലോകനം സംബന്ധിച്ച മിക്കവാറും ചർച്ചകളിൽ ഉന്നയിച്ചിട്ടുണ്ട്. ഒടുവിലായി 30.05.2008-ന് തിരുവനന്തപുരത്തു വച്ച് നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിലും കേരളം ശക്തമായി ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നും തന്നെ കരാർ ലംഘനങ്ങൾ അല്ലെന്നതാണ് തമിഴ്നാടിന്റെ നിലപാട്. പുനരവലോകന ചർച്ചകളിൽ കരാർ ലംഘനങ്ങൾക്കെതിരായ കൂടുതൽ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| ഇ) അടുത്ത ചർച്ചയ്ക്കുളള തീയതി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) 21.01.2011-ൽ നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ അടുത്തതായി ഒരു മന്ത്രിതല ചർച്ച നടത്തുന്നതാണ് അഭികാമ്യമെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ചർച്ചയുടെ തീയതി തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 8. 07.02..2011-ൽ മറുപടിക്ക്
### സാമ്പത്തിക നിയന്ത്രണങ്ങളിൽ ഇളവ് വേണമെന്ന ആവശ്യം

**ചോദ്യം** — **ഉത്തരം**

ശ്രീ.മാങ്കോട് രാധാകൃഷ്ണൻ
ശ്രീ.എൻ.അനിരുദ്ധൻ
ശ്രീ.കെ.രാജു
ശ്രീ.എ.കെ.ചന്ദ്രൻ

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യ വകുപ്പുമന്ത്രി

| | |
|---|---|
| (എ). ധന അച്ചടക്ക നിയന്ത്രണങ്ങളിൽ ഇളവ് വേണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2010-11, 2011-12, എന്നീ വർഷങ്ങളിൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 3.5 ശതമാനമാണ് വായ്പയായി എടുക്കുവാൻ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നല്കിയിട്ടുള്ളത്. ഇതിൽ 0.5 ശതമാനം വർദ്ധനവ് നല്കി 2010-11 സാമ്പത്തിക വർഷത്തിലോ, 2011-12-ലോ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ആഭ്യന്തര ഉല്പാദനത്തിന്റെ 4 ശതമാനമായി ഉയർത്തി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് അനുവദിച്ച് നൽകുകയാണെങ്കിൽ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള State Specific Grants, N.S.S.F-ന്റെ പലിശയിനത്തിൽ ശുപാർശ ചെയ്ത ഇളവ് എന്നിവ ലഭിക്കുന്നതിനായി ധന അച്ചടക്ക നിയന്ത്രണങ്ങളിൽ ഇളവ് കേന്ദ്രം അനുവദിച്ച് നൽകേണ്ടതായുണ്ട്. |
| (ബി). ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ് വായ്പയായി എടുക്കാൻ അനുവദിച്ചിട്ടുള്ളത് ; ഇതിൽ എത്ര ശതമാനം വർദ്ധനയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | |
| (സി). ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എപ്പോഴെങ്കിലും ട്രഷറി പൂട്ടിയിട്ടുണ്ടോ ; | ഇല്ല |
| (ഡി). അടുത്ത സാമ്പത്തിക വർഷം ഖജനാവ് സമ്പന്നമായിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനെഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.9 07.02.2011-ൽ മറുപടിക്ക്

### *ധനമേഖലയിലെ പ്രവർത്തനങ്ങൾ*

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എ.സി.മൊയ്തീൻ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു | ഡോ. റ്റി.എം.തോമസ് ഐസക്ക്<br>ധനകാര്യ മന്ത്രി |

| | | |
| --- | --- | --- |
| (എ) | സർക്കാരിന്റെ ധനമേഖലയിലെ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് ധന സുസ്ഥിരത കൈവരിക്കുന്നതിന് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സർക്കാരിന്റെ ധനമേഖലയിലെ പ്രവർത്തനങ്ങളുടെഫലമായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ഗണ്യമായി ഉയർത്തി ധനസുസ്ഥിരത കൈവരിക്കുന്നതിൽ വിജയിക്കാനായിട്ടുണ്ട്. 2005-06 സാമ്പത്തിക വർഷം മുതൽ ട്രഷറികൾ പ്രവർത്തിപ്പിക്കുന്നതിന് റിസർവ്വ് ബാങ്കിൽ നിന്നുള്ള വെയ്സ് ആന്റ് മീൻസ്, ഓവർ ഡ്രാഫ്റ്റ് എന്നിവയെ ആശ്രയിക്കുന്നത് ക്രമാനുഗതമായി കുറച്ചുകൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനം ഒരു ദിവസംപോലും ഓവർ ഡ്രാഫ്റ്റിലായിട്ടില്ല. നടപ്പു സാമ്പത്തികവർഷം നാളിതുവരെ ഇത്തരത്തിലുള്ള യാതൊരു വായ്പകളെയും ആശ്രയിക്കാതെ എല്ലാദിവസവും ട്രഷറി ഇടപാടുകൾ നടത്തിക്കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തനത് വരുമാനം എത്രകോടിയായിരുന്നു; 2010-11-ൽ തനത് വരുമാനം എത്രയാണെന്നും വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2005-06 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനതുവരുമാനം 10715.4 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2010 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ ഈ വർഷത്തെ തനതു വരുമാനം 16477.87 കോടി രൂപയാണ്. |

| | | |
|---|---|---|
| (സി) | സാമൂഹ്യക്ഷേമ പദ്ധതികൾക്കും പരമ്പരാഗത മേഖലയ്ക്കും സർക്കാർ എത്രമാത്രം മുൻഗണന നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സാമൂഹ്യക്ഷേമ പദ്ധതികൾക്കും പരമ്പരാഗത മേഖലയ്ക്കും സർക്കാർ മുന്തിയ പരിഗണനയാണ് നാളിതുവരെ നൽകിവരുന്നത്.<br>സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ 300 രൂപയായി വർദ്ധിപ്പിച്ചു. ഇവയുടെ കുടിശ്ശിക തീർക്കുന്നതിന് മുന്തിയ പരിഗണന നൽകി. വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആകെ 669 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന നാളിതുവരെ ആകെ 1947 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചുകഴിഞ്ഞു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പട്ടികവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ആശ്രയ സ്കീം കുടുംബങ്ങൾ എന്നിവർക്കും കിലോയ്ക്ക് 2 രൂപയ്ക്ക് റേഷനരി ലഭ്യമാക്കിവരുന്നു. ഭക്ഷ്യസബ്സിഡിക്കായി ഈ വർഷംമാത്രം 278 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. ദുർബ്ബല വിഭാഗങ്ങളുടെ ഭവനവായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുമൂലം 41,500–ൽപ്പരം കുടുംബങ്ങൾക്ക് ആശ്വാസം ലഭിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വായ്പയെടുത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർ, പരിവർത്തിത ക്രൈസ്തവർ എന്നിവരുടെ വായ്പകളിന്മേലുള്ള പലിശയും പിഴപലിശയും 25,000 രൂപവരെയുള്ള മുതലും എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചു. ഇ.എം.എസ്. ഭവന പദ്ധതിയുടെ പലിശ ബാദ്ധ്യത, ഭവനശ്രീ വായ്പ എന്നിവ സർക്കാർ ഏറ്റെടുത്തു. കൂടാതെ സാധാരണക്കാർക്കുള്ള ഒരുലക്ഷം എം.എൻ. ഭവനപുനരുദ്ധാരണ പദ്ധതിയും നടപ്പിൽ വരുത്തി.<br>പരമ്പരാഗത മേഖലകളുടെ സംരക്ഷണം ലക്ഷ്യമിട്ട് നടപ്പുവർഷത്തെ |

| | | |
|---|---|---|
| | | ബഡ്ജറ്റിൽ 246 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2010-11 കയർ വർഷമായി ആചരിക്കുകയാണ്. കയർ ഉൽപ്പന്നങ്ങളുടെ ന്യായവില ഉറപ്പുവരുത്തുന്നതിന് വിലസ്ഥിരതാഫണ്ടിന് രൂപം നൽകി. കശുവണ്ടി തൊഴിലാളികളുടെ 2006-വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക സർക്കാർ ഏറ്റെടുത്തു. ഹാന്റക്സിന്റേയും ഹാൻവീവിന്റേയും പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കിവരുന്നു. ടെക്സ്ഫെഡിന്റേയും ടെക്സ്റ്റയിൽ കോർപ്പറേഷന്റേയും കീഴിലുള്ള മില്ലുകൾ നവീകരിച്ചതിനുപുറമേ പൊതു റോ മെറ്റീരിയൽ ബാങ്ക് ആവിഷ്ക്കരിക്കുകയും ചെയ്തു. |
| (ഡി) | പദ്ധതി- പദ്ധതിയേതര ചെലവുകൾക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | പദ്ധതി- പദ്ധതിയേതര ചെലവുകൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 10

7.02.2011 ൽ
മറുപടിയ്ക്ക്

സ്മാർട്ട്സിറ്റി പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. എം.എം. മോനായി :<br>ശ്രീ. എ.എം. യൂസഫ് : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) കൊച്ചിയിൽ സ്മാർട്ട്സിറ്റി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ടീകോമുമായി നടത്തുന്ന ചർച്ചയുടെ പുരോഗതി വ്യക്തമാക്കുമോ :<br><br>ബി) ചർച്ചയ്ക്കായി ദുബായ് സർക്കാരിന്റെ പ്രതിനിധിയെ കേരളത്തിലേയ്ക്ക് ക്ഷണിച്ചിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ : | (എ) യും (ബി) യും<br><br>കേരള സർക്കാരിന്റെ ക്ഷണം സ്വീകരിച്ച് മുഖ്യമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തുന്നതിനായി വന്ന ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ ഗവർണ്ണറും ദുബായ് സർക്കാരിന്റെ സുപ്രീം ഫിസ്കൽ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി അംഗവുമായ ശ്രീ. അഹമ്മദ് അൽ തായറിന്റെ നേതൃത്വത്തിലുള്ള ഡെലിഗേഷനുമായി 2.2.2011 ൽ മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ മിനിട്സ് അനുബന്ധമായി വച്ചിരിക്കുന്നു. |
| സി) തർക്ക വിഷയങ്ങൾ സംബന്ധിച്ച് നടത്തിയ മധ്യസ്ഥ ചർച്ചയിൽ കാര്യമായ നേട്ടം ഉണ്ടായിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ ? | സി) തർക്ക വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 11

07/02/2011 ൽ മറുപടിക്ക്

**എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും രണ്ട് രൂപാ നിരക്കിൽ അരി നൽകുവാൻ നടപടി**

**ചോദ്യം**

ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. അടൂർ പ്രകാശ്
ശ്രീ. കെ. അച്ചുതൻ

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും രണ്ട് രൂപാ നിരക്കിൽ അരി നല്കുന്ന കാര്യം സർക്കാർ പരിഗണിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്നുമുതൽ ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വരുമാന പരിധി മാനദണ്ഡമാക്കാതെ എല്ലാ കുടുംബത്തിനും പ്രതിമാസം എത്ര കിലോ അരി വീതം ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഇതിനായി ആവശ്യമായ അരി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>(എ)യും (ബി)യും (സി)യും (ഡി)യും</u>

പുതുതായി 25 വിഭാഗങ്ങളിലായി 5 ലക്ഷം കുടുംബങ്ങൾ ഉൾപ്പെടെ 40 ലക്ഷം കുടുംബങ്ങളെ രണ്ടു രൂപാ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിയിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വരുമാന പരിധി മാനദണ്ഡമാക്കാതെ കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതി ബാധകമാക്കുന്നതിന് പല ഘടകങ്ങളും പരിശോധിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം: *12 | 7.2.2011 - ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: വി.ഡി. സതീശൻ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. ജോർജ് മേഴ്സിയർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പദ്ധതി നിർവ്വഹണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | എ) പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി കൂടുന്ന അവലോകന യോഗങ്ങളിൽ പദ്ധതി നടത്തിപ്പു സംബന്ധിച്ച് ശ്രദ്ധയിൽപ്പെടുന്ന തടസ്സങ്ങൾ തരണം ചെയ്യുന്നതിനും വ വകുപ്പുകളുടെ ഏകോപന ത്തിനും വേണ്ട മാർഗ്ഗ നിർദ്ദേശം നൽകുന്നതാണ്. |
| ബി) സർക്കാരുകൾ മാറി മാറി വരുന്നതനുസരിച്ച് പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും മാറ്റുന്നത് തടയുന്നതിനാവശ്യമായ എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്;<br><br>സി) ഇതു സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് എന്തൊക്കെ ശുപാർശകളാണ് പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) ആൻറ് (സി)<br><br>സർക്കാരുകൾ മാറിമാറി വരുന്നതനുസരിച്ച് പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും മാറ്റുന്നത് തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. |

Sebo

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാംകേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.13 **07.02.2011 – ൽ** മറുപടിക്ക്

## ദേശീയപാതാ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ഷാജു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ദേശീയപാതാ വികസനം സംബന്ധിച്ച് സംസ്ഥാന സർക്കാർ നയം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച്.17 ഉം എൻ.എച്ച്.47 ഉം 45 മീറ്റർ വീതിയിൽ നാലു വരിപ്പാതയായി വികസിപ്പിക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. മറ്റു ദേശീയ് പാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതകളായും നിർമ്മിക്കാനുദ്ദേശിക്കുന്നു. കേന്ദ്രസർക്കാർ നടപ്പാക്കുന്ന ദേശീയപാതാവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. |
| (ബി) ഇക്കാര്യത്തിൽ രണ്ടു പ്രാവശ്യത്തെ സർവ്വകക്ഷിയോഗങ്ങളുടെ തീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) ദേശീയപാതാവികസനം സംബന്ധിച്ച് മൂന്ന് സർവ്വകക്ഷിയോഗങ്ങൾ നടന്നിട്ടുണ്ട്. ആദ്യയോഗത്തിൽ പാതയുടെ വീതി 30 മീറ്റർ മതിയെന്ന് അഭിപ്രായമുയരുകയും, ദേശീയപാതാ വികസനത്തിനായി നടന്നു കൊണ്ടിരുന്ന സ്ഥലമെടുപ്പ് നടപടികൾ നിർത്തിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. മുപ്പതുമീറ്റർ വീതിയിൽ പാത വികസിപ്പിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ തള്ളിയ സാഹചര്യത്തിൽ രണ്ടാമത്തെ യോഗത്തിൽ ദേശീയപാത 45 മീറ്റർ വീതിയിൽ വികസിപ്പിക്കാൻ തീരുമാനിക്കുകയും, പദ്ധതിബാധിതർക്കായുള്ള സമഗ്രമായ പുനരധിവാസപാക്കേജ് തയ്യാറാക്കി കേന്ദ്രസസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാൻ പൊതുമരാമത്തു വകുപ്പ് മന്ത്രിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സംസ്ഥാന സർക്കാർ സമർപ്പിച്ച പുനരധിവാസപാക്കേജ് ആ രൂപത്തിൽ അംഗീകരിക്കാനാവില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചതിനെതുടർന്ന് വിളിച്ചു ചേർത്ത മൂന്നാമത്തെ യോഗത്തിൽ ദേശീയപാതാ |

നിയമപ്രകാരം നഷ്ടപരിഹാരത്തിന് അർഹതയില്ലാത്ത പദ്ധതിബാധിതർക്കു കൂടിയുള്ള നഷ്ടപരിഹാരം സംസ്ഥാന സർക്കാർതന്നെ നല്കുന്നകാര്യം പരിശോധിക്കാനും, ഇതിനുവേണ്ടിവരുന്ന തുക കണ്ടെത്താൻ കേന്ദ്രസഹായം അഭ്യർത്ഥിക്കാനും തീരുമാനിച്ചു.

| | | | |
|---|---|---|---|
| (സി) | ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാർ എത്ര ദൂരം മുന്നോട്ടു പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ | (സി) | രണ്ടാമത്തെയോഗതീരുമാനപ്രകാരം പദ്ധതി ബാധിതരാകുന്ന എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ഒരു പുനരധിവാസപാക്കേജ് 20.09.2010-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. എന്നാൽ ദേശീയപാതാനിയമ പ്രകാരം, വസ്തുവിന്റെയും, കെട്ടിടത്തിന്റെയും ഉടമകൾക്ക് മാത്രമേ നഷ്ടപരിഹാരം നല്കാൻസാധിക്കുകയുള്ളുവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുകയാണ്. കേന്ദ്ര നിയമത്തിന്റെ പരിധിയിൽപ്പെടാത്ത വിഭാഗങ്ങൾക്കുള്ള നഷ്ടപരിഹാരം സംസ്ഥാന സർക്കാർതന്നെ നല്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. ഇതിനായി കേന്ദ്രസഹായം തേടുന്നകാര്യവും പരിഗണനയിലുണ്ട്. |
| (ഡി) | പുനരധിവസിക്കപ്പെടുന്നവർക്ക് അർഹമായ പരമാവധി നഷ്ടപരിഹാരം നല്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പുനരധിവസിക്കപ്പെടുന്നവർക്ക് പരമാവധി നഷ്ടപരിഹാരം നല്കുന്നകാര്യം സർക്കാർപരിശോധിച്ചുവരികയാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

ഉത്തരം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 14 7.2.2011-ൽ മറുപടിയ്ക്ക്

## ഗോസമൃദ്ധി , ക്ഷീരധാര പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.മുരളി<br>ശ്രീ.എൻ.ശക്തൻ | | ശ്രീ.സി.ദിവാകരൻ(ബഹു:ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) | പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഇതിനായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'ഗോ സമൃദ്ധി ', 'ക്ഷീരധാര' എന്നീ പദ്ധതികളിലൂടെ പ്രതിവർഷം ക്ഷീരോൽപാദനത്തിൽ എന്ത് വർദ്ധനവ് കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ; | ബി) | എകദേശം 20% വർദ്ധനവ് കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| സി) | പ്രസ്തുത ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത് ; | സി) | ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ക്ഷീരധാര, ഗോസമൃദ്ധി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗോസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പശുക്കളുടെ ജീവിതകാല ഘട്ടത്തിലെ ആകെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശാസ്ത്രീയ പരിപാലനം ലഭ്യമാക്കിയിട്ടുണ്ട്.<br>ക്ഷീരധാര പദ്ധതിവഴി ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളുടെ പുതിയ തലമുറയെ സൃഷ്ടിക്കുവാൻ സാധിക്കുന്നു. ഈ പശുക്കുട്ടികൾ പാലുൽപ്പാദനം ആരംഭിക്കുമ്പോൾ പ്രതിദിനം 25 മുതൽ 30 ലിറ്റർ ഉൽപ്പാദനം വരെ പ്രതീക്ഷിക്കുന്നു. ഈ പദ്ധതികളുടെ |

ഫലമായി സംസ്ഥാനത്ത്
പാലുൽപ്പാദനം 2008-09 ൽ 24.63
ലക്ഷം ടൺ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| ഡി) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന ഹൈടെക് ഫാമുകളുടെ പ്രവർത്തനത്തിലൂടെ പ്രതിവർഷം ക്ഷീരോൽപാദനത്തിൽ എന്ത് വർദ്ധനവ് ഉണ്ടാക്കാൻ കഴിയുമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്നു വ്യക്തമാക്കുമോ ? | ഡി) പ്രതിവർഷം 30 ലക്ഷം കിലോഗ്രാം പാൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ മെച്ചപ്പെട്ട പശുക്കുട്ടികളെ കർഷകർക്ക് ലഭ്യമാക്കുക വഴിയും ഫാമിൽ ഉണ്ടാകുന്ന മികച്ച കാളകളെ പരിപാലിച്ച് ബീജം കർഷകർക്ക് ലഭ്യമാക്കുക വഴിയും കാലി സമ്പത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതാണ്. തൽഫലമായി ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളുടെ ഒരു പുതിയ തലമുറയെ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

അംഗങ്ങൾ ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 15 — 07.02.2011 - ന് മറുപടിക്ക്

## ഗുണനിലവാരമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നവർക്കെതിരെയുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ടി. അഹമ്മദ് അലി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സപ്ലൈകോയ്ക്ക് ഭക്ഷ്യ വസ്തുക്കൾ സപ്ലൈ ചെയ്യുന്ന വിതരണക്കരാറുകാർ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ ഗുണനിലവാരമില്ലാത്തവയാണെന്നും വിഷാംശമുള്ളവയാണെന്നുമുള്ള പരാതിയെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) പരാതിയെക്കുറിച്ച് വിജിലൻസ് അന്വേഷിച്ചു വരുകയാണ്. സപ്ലൈകോ 10000-ൽ പ്പരം സാധനങ്ങളുടെ വിപണനം നടത്തുന്നുണ്ട്. ഒരു ദിവസത്തെ ശരാശരി വിപണനം (Transaction) ഏഴ് ലക്ഷം (ബില്ലുകൾ) ആണ് (ഏകദേശം 8 കോടി രൂപ) സ്വാഭാവികമായും ഇത്രയധികം സാധനങ്ങൾ വാങ്ങി വിപണനം ചെയ്യുമ്പോൾ ചെറിയ തോതിൽ ഗുണനിലവാര വ്യതിയാനങ്ങൾക്ക് സാധ്യതയുണ്ട്. ഇങ്ങനെയുണ്ടാകുന്ന വ്യതിയാനങ്ങൾക്ക് അപ്പോൾ തന്നെ നടപടികൾ സ്വീകരിക്കുകയും പരിഹരിയ്ക്കപ്പെടുകയും ചെയ്യുന്നുണ്ട്. കോർപ്പറേഷനിൽ ശക്തമായ ക്വാളിറ്റി സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. ഈ അടുത്ത കാലത്ത് വിജിലൻസ് പരിശോധനയെ തുടർന്നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇത് സംബന്ധിച്ച് വിജിലൻസ് വിഭാഗം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ വിശദ വിവരം വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. താഴെ പറയും പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗം ശുപാർശചെയ്തിട്ടുണ്ട്.<br>1. പി.എഫ്.എ. ലൈസൻസ് എല്ലാ ഡിപ്പോകളിലും വിൽപ്പനശാലകളിലും ഏർപ്പെടുത്തേണ്ടതാണ്.<br>2. ഡിപ്പോയും വിൽപ്പനശാലകളും വൃത്തിയും വെടിപ്പായും സൂക്ഷിണം.<br>3. വിതരണം ചെയ്യുന്ന സാധനങ്ങളുടെ ക്വാളിറ്റി പരിശോധന ശക്തമാക്കേണ്ട |

താണ്.

4. ലിസ്റ്റിൽ ഉൾപ്പെട്ടിരിയ്ക്കുന്ന ഏഴ് വിതരണക്കാരിൽ, രണ്ട് എഫ്.സി.ഐ. ഉൾപ്പെടെയുള്ളവരുടെ പേരിൽ ഐ.പി.സി. 272 പ്രകാരം കേസ് രജിസ്റ്റർ ചെയ്യാൻ ഡി.ജി.പി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**(സി) ക്രമക്കേട് നടത്തിയ വിതരണക്കാരെ കരിമ്പട്ടികയിൽ പ്പെടുത്തുമെന്നും നഷ്ടം ഈടാക്കുമെന്നും വ്യക്തമാക്കി കോടതിയിൽ സത്യവാങ്മൂലം നല്കിയിട്ടുണ്ടോ; എങ്കിൽ അതു പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;**

(സി) ഇല്ല. എന്നാൽ വിജിലൻസ് കണ്ടുപിടിച്ച ക്രമക്കേടുകളിൽ വിതരണക്കാരുടെ തുക തടഞ്ഞു വയ്ക്കുകയും അവർക്കെതിരെ black listing ഉൾപ്പെടെ ഉള്ള നിയമ നടപടി സപ്ലൈകോ എടുത്തു വരികയാണ്.

**(ഡി) സാധന സപ്ലൈ കാര്യത്തിൽ നിലവിലുള്ള ഇ-ടെൻഡർ നടപടി അട്ടിമറിക്കാൻ എന്തെങ്കിലും നീക്കം ഏതെങ്കിലും ഭാഗത്തു നിന്നും ഉണ്ടാകുന്നതായി സർക്കാരിനറിവുണ്ടോ; എങ്കിൽ വിശദമാക്കുമോ;**

(ഡി) ഉണ്ട്. ശ്രീ. വി.എം. യാഹിയ വിജിലൻസ് എസ്.പി.യുടെ റിപ്പോർട്ട് പരാമർശിച്ച് ഹൈക്കോടതിയിൽ ഇ-ടെണ്ടർ മുഖേനയുള്ള വാങ്ങൽ നടപടി റദ്ദാക്കി പകരം പഴയ രീതിയിലുള്ള ടെണ്ടർ പ്രീക്വാളിഫിക്കേഷൻ സംവിധാനം മടക്കിക്കൊണ്ടു വരാൻ ഹർജ്ജി ഫയൽ ചെയ്തിട്ടുണ്ട്.

**(ഇ) പ്രസ്തുത നീക്കം ഫലപ്രദമായി തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?**

(ഇ) പൂർണ്ണമായും വെബ് അധിഷ്ഠിതമായ ഇ-പർച്ചേസ് സംവിധാനം 2007 മുതലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് എല്ലാ മാസവും ഡിപ്പോകളിൽ നിന്നും ശരാശരി വില്പനയെ അടിസ്ഥാനമാക്കി നല്കുന്ന ആവശ്യകത കണക്കാക്കുന്നു. ഈ ആവശ്യകതയ്ക്ക് അനുസരിച്ച് വിതരണക്കാർ ഓൺ-ലൈനായി തന്നെ ടെണ്ടർ സമർപ്പിയ്ക്കുന്നു. ബിനാമി വിതരണക്കാരെ ഒഴിവാക്കുന്നതിനായി

'ഡിജിറ്റൽ സിഗ്നേച്ചർ' ഇ-പർച്ചേസ് നിർബന്ധമാക്കിയിട്ടുണ്ട്.

ഇ- പർച്ചേസിലെ മുഖ്യ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. <u>ഇ- ഇൻഡെന്റിംഗ് (Indenting)</u>

ഓരോ മാസവുമുള്ള ശരാശരി വില്പന ലീഡ് ടൈം ലീഡ് ടൈം കാലത്തെ ഉപഭോഗം സംഭരണ ശേഷി

തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് ഡിപ്പോകളിൽ ഒരു മാസത്തെ ആവശ്യകത കണക്കാക്കുന്നത് ഇങ്ങനെ കണക്കാക്കുന്ന ആവശ്യകത ക്രോഡീകരിക്കുന്നതിനും തുടർ പ്രവർത്തനത്തിനുമായി ഹെഡ് ഓഫീസും ഡിപ്പോകളും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്.

2. ഇ-ടെണ്ടർ

പൂർണ്ണമായും വെബ് അധിഷ്ഠിതമായ ഇ-ടെണ്ടർ സംവിധാനത്തിൽ വിതരണക്കാരനോ ഉൽപ്പാദകനോ നേരിട്ട് തങ്ങളുടെ ടെണ്ടർ സമർപ്പിക്കേണ്ട ആവശ്യമില്ല. ബിനാമി വിതരണക്കാരെ ഒഴിവാക്കാൻ ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഇ-ടെണ്ടർ സംവിധാനം വഴി വിതരണക്കാരുടെ അനധികൃത് സംഘം ചേരൽ (cartelization) പൂർണ്ണമായും തടയാൻ കഴിയുന്നു.

3. ഇ-സെലക്ഷൻ

വിതരണം ചെയ്യേണ്ട സ്ഥലം സാധനങ്ങളുടെ ലഭ്യത എന്നിവ പരിഗണിച്ച് ട്രാൻസ്പോർട്ടേഷൻ മോഡൽ അടിസ്ഥാനമാക്കിയ ലീനിയർ പ്രോഗ്രാമിംഗ് വഴിയാണ് ഓരോ സാധനത്തിന്റെയും അളവും കുറഞ്ഞ വിലയും കണ്ടുപിടിക്കുന്നത്. ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും (എൻ.സി.ഡി.എൽ, എം.സി.എക്സ്, മണ്ഡി പ്രോസ്സസിംഗ് സെന്റർ, മേഖലാ കാര്യാലയങ്ങൾ മുഖേന ശേഖരിക്കുന്ന പ്രാദേശിക വില) വിതരണക്കാരെയും അവർ നൽകാൻ ഉദ്ദേശിക്കുന്ന അളവ് 'X-Axis' ലും വിതരണം ചെയ്യേണ്ട സ്ഥലം (Depot) അവിടുത്തെ ആവശ്യകതയും 'Y-Axis' ലും ചേർക്കുന്നു. ഈ മെട്രിക്സിനെ അടിസ്ഥാനപ്പെടുത്തിയാണ് പൂർണ്ണമായും ലീസ്റ്റ് കോസ്റ്റ് സൊല്യൂഷനിലൂടെ കമ്പ്യൂട്ടർ തന്നെ വിതരണക്കാരെ തിരഞ്ഞെടുക്കുന്നത്.

4. ഇ-GRS (സാധനങ്ങളുടെ സ്വീകരിയ്ക്കൽ)

ഡിപ്പോകളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ കൃത്യമായി കണക്കിൽപ്പെടുത്തുന്നതും അവ കാലതാമസം ഇല്ലാതെ പ്രത്യേക പരിഗണന കൂടാതെ

| | |
|---|---|
| | ഓൺലൈൻ സംവിധാനത്തിലൂടെ വെബിൽ ഉടനടി രേഖപ്പെടുത്തുന്നതുമാണ്.<br>5. ഇ-പേയ്മെന്റ്<br>ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ വിതരണക്കാർക്ക് നൽകേണ്ട തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കപ്പെടുന്നു. ഇത് പേയ്മെന്റ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതോടൊപ്പം ഡിമാന്റ് ഡ്രാഫ്റ്റ് വഴി നൽകുന്നതിലുള്ള നഷ്ടവും ഇല്ലാതാക്കുന്നു. ഇ-പേയ്മെന്റും ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനവും ബിനാമി വിതരണക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് സഹായിക്കുന്നു. |
| (എഫ്) കരിമ്പട്ടികയിൽ ഉൾപ്പെട്ടവർ വ്യാജപ്പേരിൽ വീണ്ടും കോർപ്പറേഷന്റെ സപ്ലയർമാരായിട്ടുണ്ടെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എഫ്) ശ്രദ്ധയിൽപെട്ടിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 16

07/02/2011 ൽ മറുപടിക്ക്

**രണ്ട് രൂപാ നിരക്കിൽ റേഷൻ അരിയും ഗോതമ്പും നൽകുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ് | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) രണ്ടു രൂപാ നിരക്കിൽ റേഷൻ അരിയും ഗോതമ്പും നൽകുന്ന പദ്ധതിയുടെ പ്രയോജനം നിലവിൽ എത്ര കുടുംബങ്ങൾക്ക് ലഭിക്കുന്നു എന്ന് വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് 40 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട **1460127** കുടുംബങ്ങൾക്കും എ.എ.വൈ വിഭാഗത്തിൽപ്പെട്ട **592627** കുടുംബങ്ങൾക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട **715213** കുടുംബങ്ങൾക്കും ഉൾപ്പെടെ 2767967 കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ഇപ്പോൾ നൽകി വരുന്നുണ്ട്. |
| (ബി) ബി.പി.എൽ. കുടുംബങ്ങൾക്കു പുറമേ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇപ്പോൾ രണ്ടു രൂപ നിരക്കിൽ അരി നൽകുന്നത്; | (ബി) ബി.പി.എൽ/എ.എ.വൈ. വിഭാഗത്തിൽ പെട്ട മുഴുവൻ കാർഡുടമകൾക്കും, പുറമെ എ.പി.എൽ. വിഭാഗത്തിൽപെട്ട താഴെ പ്പറയുന്ന വിഭാഗങ്ങൾക്കും ഈ പദ്ധതിപ്രകാരം കിലോഗ്രാമിന് 2 രൂപാ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതാണ്.<br>1. പട്ടികജാതി<br>2. പട്ടികവർഗ്ഗ<br>3. മത്സ്യത്തൊഴിലാളി<br>4. ആശ്രയപദ്ധതിയിൽ ഉൾപ്പെട്ടവർ<br>5. കയർത്തൊഴിലാളി<br>6. കശുവണ്ടിത്തൊഴിലാളി<br>7. കർഷകത്തൊഴിലാളി<br>8. ഖാദിത്തൊഴിലാളി<br>9. കൈത്തറിത്തൊഴിലാളി<br>10. പനമ്പ് തൊഴിലാളി<br>11. ഈറ്റത്തൊഴിലാളി<br>12. തോട്ടം തൊഴിലാളി<br>13. ബീഡിത്തൊഴിലാളി |

14. തഴപ്പായനിർമ്മാണത്തൊഴിലാളി
15. മൺപാത്ര നിർമ്മാണത്തൊഴിലാളി
16. തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണിയെടുത്തിട്ടു ള്ളവർ
17. പരമ്പരാഗത ആഭരണ നിർമ്മാണ ത്തൊഴിലാളി
18. ഓട്ടു കമ്പനിതൊഴിലാളി
19. ഓട്ടോ മൊബൈൽ റിപ്പയറിംഗ് തൊഴിലാളി
20. സ്കൂൾ ശുചീകരണ/പാചക തൊഴിലാളി
21. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളി
22. ഓട്ടോറിക്ഷാ തൊഴിലാളി
23. തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഇ.പി.എഫ്.പെൻഷൻകാർ
24. നിർമ്മാണ തൊഴിലാളി
25. കള്ളുവ്യവസായ തൊഴിലാളി
26. വികലാംഗർ
27. പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ
28. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണതൊഴിലാളി, ചുമട്ടു തൊഴിലാളി
29. മോട്ടോർ തൊഴിലാളി
30. കരകൗശലരംഗത്തെ തൊഴിലാളി
31. കശുവണ്ടി തോട്ടം തൊഴിലാളി
32. തയ്യൽ തൊഴിലാളി
33. സർക്കാരിതര ഖാദി ജീവനക്കാർ
34. ക്ഷീര കർഷകർ
35. പെയിന്റിംഗ് തൊഴിലാളി
36. വൃദ്ധജനങ്ങൾ
37. പേപ്പർ വ്യവസായം (കൈത്തൊഴിൽ)
38. മദ്രസ അദ്ധ്യാപകർ
39. ഗാർഹിക തൊഴിലാളി
40. അഭയയിലെ അന്തേവാസികൾ
41. വിവാഹബന്ധം വേർപിരിഞ്ഞ് ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾക്കും, അവരുടെ മക്കൾക്കും

| | | | |
|---|---|---|---|
| (സി) | പുതുതായി ഏതെങ്കിലും വിഭാഗങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | ഇല്ല. |

(ഡി) മൂന്നു രൂപാ നിരക്കിൽ ബി.പി.എൽ. വിഭാഗത്തിന് അരി വിതരണം ചെയ്യുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ഡി) ഇല്ല.

(ഇ) കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് സർക്കാരിന് എത്ര കോടി രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

(ഇ) രണ്ടു രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതിന് 2009-10 വർഷത്തിൽ 195.95 കോടി രൂപ ചെലവഴിച്ചിരുന്നു. 2010-11 വർഷത്തിൽ നാളിതുവരെ 245 കോടി രൂപ അനുവദിച്ചതിൽ 230.41 കോടി രൂപ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

—

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 17 — 7.2.11 ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

**ചോദ്യം**

ശ്രീ. കെ.അജിത്

ശ്രീ.വി.എസ്. സുനിൽ കുമാർ

ശ്രീ. പി.തിലോത്തമൻ

ശ്രീ.രാജാജി മാത്യു തോമസ്

**മറുപടി**

ശ്രീ. വി.സുരേന്ദ്രൻ പിള്ള

( തുറമുഖവും യുവജനകാര്യവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത്; | എ | പാരിസ്ഥിതികാനുമതിക്കായി പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പരിസ്ഥിതി കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ക്ലിയറൻസിന്റെ ആദ്യഘട്ടമായ Form No.1&ToR അംഗീകരിച്ചിട്ടുണ്ട്. പഠനം പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം ലഭിക്കുന്നതാണ്. |
| ബി | പരിസ്ഥിതി അനുമതിക്കുവേണ്ടി സംസ്ഥാന സർക്കാർ അപേക്ഷ സമർപ്പിച്ചതെന്നാണ് ; | ബി | 2010 ഒക്ടോബർ 5 -ാം തിയതി. |
| സി | ആദ്യഘട്ടത്തിൽ തുറമുഖത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് ആവശ്യമായിട്ടുള്ളത് ; ഈ തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | സി | ആദ്യഘട്ട നിർമ്മാണത്തിന് 2500 കോടി രൂപയാണ് ആവശ്യമെന്ന് കണക്കാക്കിയിട്ടുള്ളത്. 937 കോടി രൂപയോളം ചിലവു പ്രതീക്ഷിക്കുന്ന ടെർമിനലും അനുബന്ധ സാമഗ്രികളും PPP യിലൂടെയും ബാക്കി തുക SBT യുടെ നേതൃത്വത്തിലുള്ള ബാങ്കുകളുടെ കൺസോർഷ്യത്തിലൂടെയും സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| ഡി | തുറമുഖ നിർമ്മാണത്തിന് ഇതുവരെ എത്ര കമ്പനികൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്; ഇതിൽ എത്ര കമ്പനികൾക്കാണ് യോഗ്യതയുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | ഡി | തുറമുഖ നിർമ്മാണത്തിനു വേണ്ടി ആഗോള ടെണ്ടർ പ്രകാരം 14 കമ്പനികൾ യോഗ്യതാ പത്രം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ സൂക്ഷ്മപരിശോധന അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

17– ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ.18

07.02.2011–ലെ മറുപടിയ്ക്ക്

## നാലാം സംസ്ഥാന ധനകാര്യകമ്മീഷൻ

ചോദ്യം:– ശ്രീ.പി. ജയരാജൻ
ശ്രീ.എ.എം.ആരിഫ്
ശ്രീ.പി.കൃഷ്ണപ്രസാദ്
ശ്രീ.കെ.വി.കുഞ്ഞിരാമൻ

ഉത്തരം:– ബഹു: ധനകാര്യവകുപ്പുമന്ത്രി

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന് സമർപ്പിച്ചു. രണ്ടാം ഭാഗം ഫെബ്രുവരി മാസം സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി | എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ; | സംസ്ഥാന ധനകാര്യകമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷനാണ്. അതിന്റെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണനയിലാണ്. റിപ്പോർട്ട് നിയമസഭയിൽ വച്ചതിനു ശേഷം മാത്രമേ അതിലെ ഉള്ളടക്കം വെളിപ്പെടുത്താൻ നിർവ്വാഹമുള്ളൂ. |
| സി | ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതത്തിൽ കമ്മീഷൻ 2011–12 സാമ്പത്തികവർഷം എന്തുമാത്രം വർദ്ധനവ് നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | |
| ഇ | കൂടുതൽ അധികാരങ്ങൾ വികേന്ദ്രീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;<br>എങ്കിൽ വിശദാംശം നൽകുമോ ? | |
| ഡി | ഇപ്പോൾ തദ്ദേശസ്ഥാപനങ്ങൾക്ക് വിവിധ ഇനങ്ങളിലായി എത്ര രൂപയാണ് നൽകുന്നത് ; | 2010–11 സാമ്പത്തികവർഷത്തെ യഥാർത്ഥകണക്ക് ലഭ്യമായിട്ടില്ല. ആകയാൽ നടപ്പുസാമ്പത്തിക വർഷം (2010–11) തദ്ദേശ സ്ഥാപനങ്ങൾക്ക് വിവിധ ഇനങ്ങളിലായി നൽകുന്നതിന് ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഹിതം താഴെ കൊടുത്തിരിക്കുന്നു.<br>വികസനഫണ്ട് : 200962 ലക്ഷം രൂപ<br>സംരക്ഷണഫണ്ട് : 44058 ലക്ഷം രൂപ<br>പൊതുആവശ്യഫണ്ട് : 43924 ലക്ഷം രൂപ<br>ആകെ : 288944 ലക്ഷം രൂപ<br>കൂടാതെ, കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പുകൾ വഴി ബി ഫണ്ട് ഇനത്തിൽ നൽകുന്നതിനായി 164292 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19** **07.02.2011-ൽ മറുപടിയ്ക്ക്**

## പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം

**ചോദ്യം** | **ഉത്തരം**

ശ്രീ. എൻ.രാജൻ
ശ്രീ.പള്ളിപ്രം ബാലൻ :
ശ്രീമതി. ഇ.എസ്.ബിജിമോൾ :
ശ്രീ.രാജാജി മാത്യു തോമസ് :

ശ്രീ. വി.എസ്.അച്യുതാനന്ദൻ
( ബഹു.മുഖ്യമന്ത്രി)

| | |
|---|---|
| എ) കേരളവും തമിഴ്നാടും ജലം പങ്കിടുന്ന പറമ്പിക്കുളം - ആളിയാർ കരാർ പുനരവലോകനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) എങ്കിൽ ഇതിനകം എത്ര ചർച്ചകൾ നടന്നു; ഇതിൽ ഏന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ; | (ബി) 1988 മുതൽ 2011 ജനുവരി വരെയുള്ള കാലയളവിൽ കേരളവും, തമിഴ്നാടും തമ്മിൽ കരാർ പുനരവലോകനം ചെയ്യുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി തലത്തിലും, മന്ത്രിതലത്തിലും, ഔദ്യോഗിക തലത്തിലുമായി പത്തൊൻപത് ചർച്ചകൾ നടന്നു. ഈ ചർച്ചകളിലൊന്നും കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഇരുസംസ്ഥാനങ്ങൾക്കും ഇടയിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ലഘൂകരിച്ച് പൊതുതാല്പര്യമുള്ള വിഷയങ്ങൾ കണ്ടെത്തുന്നതിനും, സമവായ സാദ്ധ്യതയുള്ള മേഖലകൾക്ക് ഊന്നൽ കൊടുക്കുന്നതിനുമുള്ള സാഹചര്യമൊരുങ്ങിയിട്ടുണ്ട്. |

| | |
|---|---|
| സി) ആനമലയാറിൽ നിന്നും തമിഴ്നാടിന് വെള്ളം നൽകുന്നതു സംബന്ധിച്ച് ധാരണയായി ട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ടി.എം.സി വെള്ളം നൽകാമെ ന്നാണ് ധാരണയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആനമലയാറിൽ നിന്നും 2.5 tmcft ജലത്തിനാണ് തമിഴ്നാടിന് അർഹതയുള്ളത്. ആനമലയാറിൽ നിന്നും 2.5 tmcft ജലം കേരളം നിർമ്മിക്കുന്ന വൈദ്യുത നിലയത്തിന്റെ ഉപയോഗത്തിനുശേഷം തമിഴ്നാട്ടിലേക്ക് തിരിച്ചു വിടുന്നതിനുള്ള പദ്ധതി കേരളം നടപ്പാക്കുന്നതാണ്. അതിനുള്ള സാങ്കേതിക സാദ്ധ്യത കേരളം പരിശോധിച്ച് തൃപ്തികരമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാങ്കേതിക സാദ്ധ്യത റിപ്പോർട്ട് തമിഴ്നാടിന് പരിശോധനയ്ക്കായി നൽകുമെന്നും, അതിന്മേൽ തമിഴ്നാടിനുള്ള കാഴ്ചപ്പാട് രണ്ട് മാസങ്ങൾക്കുള്ളിൽ അറിയിക്കുമെന്നും 21.01.2011-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ തീരുമാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ - പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 20 — 7.[illegible].2011-ൽ മറുപടിയ്ക്ക്

## 2011-12 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതിയുടെ വിശദാംശങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.പി.ടി.എ.റഹീം | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) | 2011-12 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതിയ്ക്ക് സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | രൂപം നൽകിയിട്ടുണ്ട്. 2011-12 വാർഷിക പദ്ധതിയുടെ അടങ്കൽ 11030 കോടി രൂപയാണ്. പ്രസ്തുത കരട് വാർഷിക പദ്ധതി അംഗീകരിച്ചു കൊണ്ടു പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി നൽകിയിട്ടുണ്ട്. |
| (ബി) | മുൻ വർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത് ; | (ബി) | 10.02 ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. |
| (സി) | പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത് ; | (സി) | കാർഷിക മേഖല, പശ്ചാത്തല മേഖല, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ, വിവര സാങ്കേതിക വിദ്യയും ഇ-ഗവർണൻസും എന്നിവയ്ക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്. |
| (ഡി) | പുതുതായി എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; | (ഡി) | 2011-12 -ലെ വാർഷിക ബഡ്ജറ്റിന്റെ ഭാഗമായതിനാൽ പ്രസ്തുത വിവരം ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല. |
| (ഇ) | പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെഇതുവരെയുള്ളപ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ഇ) | 2010 ഡിസംബർ 31 വരെയുള്ള പദ്ധതി പ്രവർത്തനം വിലയിരുത്തിയതിൽ സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്ത നത്തിൽ 43% പുരോഗതി കൈവരിച്ചതായി കാണുന്നു. മുൻവർഷം (2009-10 സാമ്പത്തിക വർഷം) ഇതേ കാല യളവിൽ കൈവരിച്ചതിനേക്കാൾ (41%) മെച്ചപ്പെട്ട പുരോഗതി കൈവരിക്കാനായിട്ടുള്ളതായി വിലയിരുത്തുന്നു. |
| (എഫ്) | ഈ വർഷം പദ്ധതിച്ചെലവ് എത്ര ശതമാനം കൈവരിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (എഫ്) | പദ്ധതി നടത്തിപ്പിലെ പുരോഗതി വിലയിരുത്തൽ, പദ്ധതി നടത്തിപ്പ് കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻ വേണ്ട നടപടികൾ എന്നിവ മാസംതോറുമുള്ള ചീഫ് സെക്രട്ടറിയുടെ യോഗങ്ങളിലൂടെ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ മുൻ വർഷത്തേക്കാൾ മെച്ചപ്പെട്ട പുരോഗതി നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 21      07 - 02 - 2011 ൽ മറുപടിക്ക്

## പ്രവാസി കേരളീയ ക്ഷേമനിധി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ~~ശ്രീ. കെ. വി. അബ്ദുൾ ഖാദർ~~ | ശ്രീ. വി. എസ്. അച്യുതാനന്ദൻ |
| ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി | (മുഖ്യമന്ത്രി) |
| ശ്രീ. ജോർജ് എം. തോമസ് | |
| ശ്രീ. സാജു പോൾ | |

(എ) പ്രവാസി കേരളീയ ക്ഷേമനിധി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതിനകം എത്ര പ്രവാസികൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട് ;

(എ & ബി) പ്രവാസി കേരളീയരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള പ്രവാസി കേരളീയ ക്ഷേമനിധിയുടെ പ്രവർത്തന ഉദ്ഘാടനം 28/02/2009 ൽ തൃശ്ശൂരിൽ വച്ച് ബഹു: മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ നിർവ്വഹിക്കുകയും 12/03/2009 മുതൽ തിരുവനന്തപുരത്ത് കവടിയാറിൽ ക്ഷേമനിധിയുടെ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി ക്ഷേമനിധി അംഗത്വത്തിനായി 62,400 പേർ 24/01/2011 വരെ അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 27,000 അപേക്ഷകരെ അംഗങ്ങളാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളുടെ ഡേറ്റാ എൻട്രി, സ്കാനിംഗ്, കാർഡ് പ്രിന്റിംഗ് തുടങ്ങിയ ജോലികൾ വിവിധ ഘട്ടത്തിലാണ്. 7,500 അപേക്ഷകളിൽ സമർപ്പിച്ച രേഖകളുടെ അപര്യാപ്തതമൂലം അപേക്ഷകരുമായി കത്തിടപാടുകൾ നടത്തിവരികയാണ്. 1400 അപേക്ഷകൾ അർഹതയില്ലാത്തതുകാരണം നിരസിക്കപ്പെട്ടിട്ടുണ്ട്.

(സി) എല്ലാ പ്രവാസികളേയും ക്ഷേമനിധിയിൽ ചേർക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ക്ഷേമനിധി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ:

(സി) പ്രവാസി ക്ഷേമബോർഡിന്റെ പദ്ധതികളെക്കുറിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങൾ പത്രമാധ്യമങ്ങളിലൂടെ നടത്തിവരുന്നു. കൂടാതെ പദ്ധതിയുടെ മുഴുവൻ വിവരങ്ങളും www.pravasiwelfarefund.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾ അടങ്ങുന്ന ബ്രോഷർ പ്രവാസികൾക്കിടയിൽ വിതരണം ചെയ്തു വരുന്നു. പ്രവാസി കേരളീയ ക്ഷേമനിധി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ ആനുകൂല്യ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 60 വയസ്സ് പൂർത്തിയാക്കിയവരും അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ .

2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ള അംഗത്തിന് മരണം സംഭവിച്ചാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ.

3. അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ സാമ്പത്തിക സഹായം.

4. അപകടം, രോഗം എന്നിവ മൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.

5. അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ അതിനുള്ള സഹായം.

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള സാമ്പത്തിക സഹായം, വായ്പ.

8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം. വായ്പ.

9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായം, വായ്പ.

| | |
|---|---|
| (ഡി)ക്ഷേമനിധിയെ സംബന്ധിച്ച് വിദേശ രാജ്യങ്ങളിലെ പ്രവാസികളെ ബോധവല്ക്കരിക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്യുമോ ? | (ഡി) പ്രവാസി കേരളീയർ (വിദേശം)അംഗങ്ങളെ പ്രതിനിധീകരിക്കുന്ന ക്ഷേമനിധി ബോർഡിന്റെ രണ്ട് ഡയറക്ടർമാർ വിദേശ മലയാളികൾക്കിടയിലും പ്രവാസി മലയാളി സംഘടനകൾക്കിടയിലും ക്ഷേമനിധിയെ സംബന്ധിച്ച പ്രചരണം നടത്തുന്നതിന് നേതൃത്വം നൽകുന്നുണ്ട്. കുടാതെ പല ആവശ്യങ്ങൾക്കായി പ്രധാനമായും വിദേശത്തുള്ള മലയാളികൾ നോർക്ക വകുപ്പിന്റേയും നോർക്ക റൂട്ട്സിന്റേയും വെബ്സൈറ്റുകൾ സന്ദർശിക്കുന്നുണ്ട് എന്നതിനാൽ ഈ രണ്ട് വെബ്സൈറ്റുകളിലും ക്ഷേമനിധിയെപ്പറ്റിയുള്ള മാർഗ്ഗരേഖകൾ അനായാസമായി ശ്രദ്ധയിൽപ്പെടുന്ന രീതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 22

7.2.2011-ൽ
മറുപടിയ്ക്കു്

## "ശബരിമലയിലെ പുൽമേട്ടിൽ നടന്ന ദുരന്തത്തെക്കുറിച്ചുള്ള അന്വേഷണം"

ചോദ്യം
ശ്രീ.കെ.ശിവദാസൻ നായർ :
ശ്രീ.കെ. അച്ചുതൻ :
ശ്രീ. എൻ.ശക്തൻ :
ശ്രീ.എം. മുരളി :

ഉത്തരം
ശ്രീ. വി.എസ്. അച്ചുതാനന്ദൻ
ബഹുമാനപ്പെട്ട മുഖ്യമന്ത്രി

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഇക്കഴിഞ്ഞ തീർത്ഥാടന കാലത്ത് ശബരിമലയിലെ പുൽമേട്ടിൽ നടന്ന ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ; | (എ) ശബരിമല പുൽമേട്ടിൽ നടന്ന ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനായി ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ ബഹു. ഹൈക്കോടതിയോട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) പ്രസ്തുത സംഭവത്തോടനുബന്ധിച്ച് നടക്കുന്ന അന്വേഷണത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ടേംസ് ഓഫ് റഫറൻസായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) കമ്മിഷനെ നിയമിക്കുന്ന നടപടി പൂർത്തിയാവുന്ന മുറയ്ക്കേ ടേംസ് ഓഫ് റഫറൻസുകളുടെ കാര്യം തീരുമാനിക്കാനാവൂ. |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ ; | (സി & ഡി) | ഹൈക്കോടതിയിൽ ജഡ്ജിമാരുടെ അഭാവമുള്ളതിനാൽ ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കാൻ ബുദ്ധിമുട്ടാണെന്ന് ബഹു.. ഹൈക്കോടതി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തു തുടർനടപടികൾ സ്വീകരിക്കണമെന്നതടക്കമുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു |
| (ഡി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 23. 07.02.2011 ലെ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള കമ്പനിയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. പി.കെ.അബ്ദുറബ്ബ്.

**ഉത്തരം**

ശ്രീ. വി.എസ്.അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കണ്ണൂർ വിമാനത്താവള കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 1956ലെ കമ്പനി നിയമവും ബന്ധപ്പെട്ട ചട്ടങ്ങളും പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി. കമ്പനിയുടെ പ്രവർത്തനം, കമ്പനി നിയമവും ടി കമ്പനിയുടെ മെമ്മോറാണ്ടവും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും പ്രകാരമാണ്. |
| (ബി) | മൂലധന സമാഹരണത്തിലെ ലക്ഷ്യം എത്ര തുകയാണെന്നും അതിൽ സർക്കാർ ഓഹരി എത്രയാണെന്നും വിശദമാക്കുമോ; | (ബി) | കമ്പനിയുടെ അംഗീകൃത മൂലധനം 1000 കോടി രൂപയാണ്. അതിൽ 500 കോടി രൂപയാണ് അടച്ചു തീർത്ത മൂലധനമായി നിശ്ചയിച്ചിട്ടുള്ളത്. ഈ 500 കോടി രൂപയിൽ 26 ശതമാനം സംസ്ഥാന സർക്കാരിന്റെ ഓഹരിയായിരിക്കും. |
| (സി) | ഓഹരികൾ പബ്ലിക് ഇഷ്യൂ ആയി വിൽപന നടത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഓഹരികൾ പബ്ലിക് ഇഷ്യൂ ആയി വിൽപ്പന നടത്താൻ ഉദ്ദേശിച്ചിട്ടില്ല. |
| (ഡി) | ഓഹരികൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആ പരിധി എത്രയെന്ന് വെളിപ്പെടുത്തുമോ; പരിധി നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ; | (ഡി) | കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ യോഗ തീരുമാന പ്രകാരം കുറഞ്ഞ പരിധി 2001 എണ്ണം ഓഹരികളും, ഒരു ഓഹരിയുടെ വില നൂറ് രൂപയുമാണ്. കൂടിയ പരിധി നിശ്ചയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | വൻകിട മുതലാളിമാരെയും കുത്തക കമ്പനികളെയും വിമാനത്താവള കമ്പനിയുടെ ഓഹരി ഉടമകളാക്കുന്നതിൽ നിന്ന് ഒഴിച്ചു നിർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ഇ) | അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. |
| (എഫ്) | ഇതിനെ ഒരു ജനകീയ കമ്പനിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ജനകീയ പങ്കാളിത്തം വിപുലമാക്കാൻ ഉദ്ദേശിക്കുന്ന പരമാവധി ഓഹരി പരിധി എത്ര തുകയായി നിശ്ചയിക്കാനാണ് തീരുമാനമെന്ന് വെളിപ്പെടുത്തുമോ? | (എഫ്) | 31.03.2010ലെ ജി.ഒ(എം.എസ്) നമ്പർ 38/2010/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ വിമാനത്താവള കമ്പനി 1956ലെ കമ്പനി നിയമത്തിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന പ്രകാരമുള്ള ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. ടി ഉത്തരവ് പ്രകാരം സർക്കാരിന് ടി കമ്പനിയിൽ 26 ശതമാനവും; പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 23 ശതമാനവും, 'ഇൻകൽ' പോലുള്ള സർക്കാർ പ്രമോട്ട് ചെയ്യുന്ന കമ്പനികൾക്ക് 2 ശതമാനവും, സ്വകാര്യമേഖലയ്ക്ക് 49 ശതമാനവും ഓഹരിയുമാണ് നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 24 07.02.2011 - ൽ മറുപടിക്ക്

റേഷൻ കടകളിലൂടെ പലവ്യഞ്ജന വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളിലൂടെ പല വ്യഞ്ജനങ്ങൾ വിതരണം ചെയ്യാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. ഇപ്പോൾ ശബരി എ.ആർ.ഡി. പദ്ധതി പ്രകാരം 1674 റേഷൻ കടകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും മാവേലി സ്റ്റോറുകളിലെ വിലയ്ക്ക് വിൽക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ എല്ലാ റേഷൻ കടകൾ വഴിയും നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനുള്ള പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ സബ്സിഡിയില്ലാത്ത അവശ്യ സാധനങ്ങൾ (Non PDS) കൂടി റേഷൻ കടകൾ വഴി വിതരണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പൊതു വിപണിയിൽ നിന്നും എത്ര ശതമാനം വിലക്കുറവിലാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത്; | (ബി) പൊതു വിപണിയെക്കാൾ കുറഞ്ഞത് 10% വിലക്കുറവിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) ഏകദേശം 337 കോടിയോളം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സഹായം ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ഡി) ഉണ്ട്. കേന്ദ്ര സഹായത്തിനായി അഭ്യർത്ഥിച്ചിരുന്നെങ്കിലും നാളിതുവരെ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. |
| (ഇ) വിതരണത്തിന് ആവശ്യമായ പലവ്യഞ്ജനങ്ങൾ എങ്ങനെ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ? | (ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ പലവ്യഞ്ജന സാധനങ്ങൾ ഹെഡ് ഓഫീസ് തലത്തിലും ഡിപ്പോ തലത്തിലും വാങ്ങുന്നുണ്ട്. ഹെഡ് ഓഫീസ് തലത്തിൽ പലവ്യഞ്ജനങ്ങൾ വാങ്ങുന്നത് ഇ-ടെണ്ടർ മുഖേനയും ഡിപ്പോ തലത്തിൽ പരിമിത ടെണ്ടർ മുഖേനയുമാണ്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ കൂടുതലായി വേണ്ടി വരുന്ന പലവ്യഞ്ജനങ്ങൾ ഇപ്രകാരം തന്നെ വാങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 25 07.02.2011 ൽ മറുപടിയ്ക്ക്

## ജൈവ വൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) ജൈവവൈവിധ്യ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>i. ജൈവവൈവിധ്യ സംരക്ഷണം, ജൈവ വിഭവങ്ങളുടെ ഘടക ഭാഗങ്ങളുടെ സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നുൽഭവിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വകമായ പങ്കുവയ്ക്കൽ, ഇവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാന സർക്കാരിനെ ഉപദേശിക്കുക<br><br>ii. ഭാരതീയർക്ക് ഏതെങ്കിലും ജൈവ വിഭവം വാണിജ്യപരമായി ഉപയോഗിക്കുന്നതിനോ, വ്യാപ്തി നിർ |

ണ്ണയത്തിനോ, ജൈവ ഉപയോഗ ത്തിനോ ഉള്ള അംഗീകാരത്തിനോ മറ്റ് തരത്തിലുള്ള അപേക്ഷയോ അനുവദിക്കുന്നത് ക്രമീകരിക്കുക.

iii. 2002 ലെ ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുവാൻ ആവശ്യമുള്ളതോ സംസ്ഥാന സർക്കാരിനാൽ നിർദ്ദിഷ്ടമായതോ ആയ ചുമതലകൾ നിർവ്വഹിക്കുക.

| | |
|---|---|
| (ബി) പഞ്ചായത്തുകളിലെ ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) ഗ്രാമപഞ്ചായത്തുകളിൽ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞതേയുള്ളൂ. ഈ കമ്മിറ്റികൾ മുഖേന തയ്യാറാക്കേണ്ടുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കി കഴിഞ്ഞതിനു ശേഷം മാത്രമേ ബി.എം.സി.കളുടെ പ്രവർത്തനം വിലയിരുത്താനാവുകയുള്ളൂ. |
| (സി) എത്ര പഞ്ചായത്തുകളിൽ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്; | (സി) 29 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി കഴിഞ്ഞു. 420 പഞ്ചായത്തുകളിൽ അവ തയ്യാറാക്കുന്നതിനുള്ള നടപടികൾ ബോർഡ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ പദ്ധതി |

നിർദ്ദേശം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഇതിൽ 125 എണ്ണത്തിൽ മാത്രമേ ഇപ്പോൾ മേൽനടപടികൾ എടുക്കാൻ കഴിയുന്നുള്ളൂ.

| | | | |
|---|---|---|---|
| (ഡി) | ജൈവവൈവിധ്യ പ്രദേശങ്ങളുടെ സംരക്ഷണത്തിനും ജൈവവൈവിധ്യ വർദ്ധനവിനും പഞ്ചായത്തു തലത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ഡി) | ബോർഡ് നേരിട്ട് രണ്ട് പഞ്ചായത്തുകളിൽ മാതൃകാ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ ചില പഞ്ചായത്തുകളിൽ കൂടി ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഇ) | ജൈവവൈവിധ്യപരിപാലനം സംബന്ധിച്ച് ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) | ഉണ്ട്. എല്ലാ വർഷവും സ്കൂളുകൾ, കോളേജുകൾ, പരിസ്ഥിതി/ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവ മുഖേന ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ മാദ്ധ്യമ പ്രവർത്തകർ, നീതിന്യായ വകുപ്പ് അധികാരികൾ എന്നിവർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിശേഷ അവസരങ്ങളിൽ പ്രത്യേക പരിസ്ഥിതി അവബോധ |

സെമിനാറുകൾ, വർഷം തോറും കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ് എന്നിവയും നടത്തി വരുന്നു.

അഡീഷണൽ സെക്രട്ടറി

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 26 — 7.2.11 ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.ജോർജ് മേഴ്സിയർ
ശ്രീ. എം.മുരളി
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

**മറുപടി**

ശ്രീ. വി.സുരേന്ദ്രൻ പിള്ള
( തുറമുഖവും യുവജനകാര്യവും
വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ പങ്കാളികളാവാൻ ഇതുവരെ എത്ര കമ്പനികളാണ് യോഗ്യതാപത്രം നൽകിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ ; | എ | 14 കമ്പനികളാണ് യോഗ്യതാപത്രം നൽകിയിട്ടുള്ളത്. |
| ബി | ഇവയിൽ വിദേശ പങ്കാളിത്തമുള്ളതോ, പൂർണ്ണമായും വിദേശത്തുള്ളതുമായ എത്ര കമ്പനികളുണ്ടായിരുന്നു ; അവയുടെ വിശദവിവരം ലഭ്യമാക്കുമോ ; | ബി | ഇവയിൽ വിദേശ പങ്കാളിത്തമുള്ള 3 ഉം പൂർണ്ണമായും വിദേശത്തുള്ള 1 ഉം കമ്പനികൾ ഉണ്ടായിരുന്നു. RFP സമർപ്പിക്കുന്നതോടെ മാത്രമേ ഇവയുടെ വിശദവിവരം വ്യക്തമാകുകയുള്ളൂ. |
| സി | യോഗ്യതാ പത്രം നൽകിയിരുന്ന എല്ലാ കമ്പനികൾക്കും കേന്ദ്രത്തിൽ നിന്നും സുരക്ഷാ അനുമതി നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ ; | സി | ഇല്ല. |
| ഡി | ഈ കമ്പനികളുടെ യോഗ്യതാപത്രം പരിശോധിച്ച് അന്തിമ ടെൻഡർ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; | ഡി | ഇല്ല. |
| ഇ | എങ്കിൽ ഏതൊക്കെ കമ്പനികളിൽ നിന്നും അന്തിമ ടെൻഡർ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ ? | ഇ | ചോദ്യം ഉദിയ്ക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 27 07/02/2011 - ൽ മറുപടിക്ക്.

### സംസ്ഥാന ജലപാത പ്രാവർത്തികമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് 12-ാം ധന കാര്യ കമ്മീഷന്റെ ധനസഹായത്തോടുകൂടി ദേശീയ ജലപാത പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എവിടെ മുതൽ എവിടെ വരെയുള്ള ജലപാതയ്ക്കാണ് അംഗീകാരം നൽകിയി ട്ടുള്ളത് ; | (ബി) കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ. സംസ്ഥാന ജലപാതയ്ക്കും കൊടുങ്ങല്ലൂർ മുതൽ നീലേശ്വരം വരെയുള്ള 348 കി.മീ. സംസ്ഥാന പാതയ്ക്കുമാണ് അനുമതി നൽകിയത്. |
| (സി) കോവളം - നീലേശ്വരം ജലപാത പ്രാവർത്തികമാക്കുന്നതിനുള്ള എന്തൊക്കെ നടപടികൾ ഇതിനോടകം സ്വീകരിച്ചു ; | (സി) സംസ്ഥാന ജലപാതയുടെ വികസന ത്തിനായി 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെ ടുത്തി 198.938 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ കാരണം പല പ്രവൃത്തികളും ഏറ്റെടുത്തു നടത്തുവാനോ ഏറ്റെടുത്തവ മുഴുവൻ പൂർത്തീകരിയ്ക്കാനോ സാധിച്ചിട്ടില്ല. ഏറ്റെടുത്തു നടത്താൻ സാധിക്കാത്തവ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഡി) കോവളം - നീലേശ്വരം ജലപാത എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ഡി) ജലസേചന വകുപ്പും, ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യയും (IWAI) പദ്ധതി പ്രാവർത്തികമാക്കുവാൻ വേണ്ടി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. വടകര മുതൽ കാട്ടാമ്പള്ളി വരെയുള്ള ഭാഗത്ത് 4 ഇടങ്ങളിലായി 48 കി.മീ. ഭാഗം കനാൽ നിർമ്മിക്കേണ്ടതുണ്ട്. ഇതിൽ വടകര - മാഹി ഭാഗത്ത് 17.4 കി.മീ. ഭാഗം സ്ഥലം ഉണ്ട്. ബാക്കി 3 ഇടങ്ങളിൽ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. സ്ഥല ലഭ്യതയും ഏറ്റെടുക്കലും പൂർത്തിആയാൽ മാത്രമേ പദ്ധതി പൂർത്തീകരണത്തിന് സമയപരിധി നിശ്ചയിക്കാൻ കഴിയൂ. |

Lalithambi .O

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28 07.02. 2011-ൽ മറുപടിയ്ക്ക്

## ജനിതക വിത്ത് കൃഷി ചെയ്യുന്നതു സംബന്ധിച്ച പഠനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എ.എ. ഷുക്കൂർ<br>ശ്രീ. വർക്കല കഹാർ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(ബഹു: മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ജനിതക വിത്ത് കൃഷി ചെയ്യുന്നത് സംബന്ധിച്ച് നിലപാട് സ്വീകരിക്കുന്നതിനായി എന്തൊക്കെ പഠനങ്ങൾ നടത്തി എന്നു വിശദമാക്കുമോ; | (എ) & (ഡി) ആഗോളതലത്തിൽ തന്നെ ജനിതകവിളകളെ സംബന്ധിച്ച് ശാസ്ത്രസമൂഹത്തിൽ വളരെ വിഭിന്നങ്ങളായ അഭിപ്രായങ്ങളും ആശങ്കകളും നിലനില്ക്കുകയാണ്. ഇന്ത്യയിൽ തന്നെ ശാസ്ത്ര-സാങ്കേതികശാസ്ത്ര സമൂഹത്തിലും സാമൂഹ്യശാസ്ത്ര പരിശോധനകളിലും ജനിതകവിളകളുടെ കാര്യത്തിൽ ഏകാഭിപ്രായം രൂപപ്പെട്ടിട്ടില്ല. എങ്കിലും സംസ്ഥാന സർക്കാർ ജനിതകവിത്ത് സംബന്ധിച്ച നിലപാട് സ്വീകരിച്ചത് ഇതുമായി ബന്ധപ്പെട്ട് ദേശീയ-സംസ്ഥാന തലങ്ങളിലെ അറിയപ്പെടുന്ന വിദഗ്ദ്ധരുമായി ഇതിന്റെ ശാസ്ത്ര-സാങ്കേതികശാസ്ത്ര പ്രശ്നങ്ങളും സാദ്ധ്യതകളും ഒപ്പം ഇതുമായി ബന്ധപ്പെട്ട സാമൂഹികവും പാരിസ്ഥിതികവും സാമ്പത്തികവുമായ എല്ലാ വശങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ്. ഇത് സംബന്ധിച്ച് സർക്കാർ കൂടുതൽ ചർച്ചകളും പരിശോധനകളും നടത്തിവരികയാണ്. |
| ബി) ഇതിൻെറ ശാസ്ത്ര സാങ്കേതിക ഗുണമേന്മകളെക്കുറിച്ച് വ്യക്തമായ തീരുമാനങ്ങളിൽ എത്തിയിട്ടുണ്ടോ;<br>സി) ഇതു സംബന്ധിച്ച് സർക്കാർ എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) & സി) ഇതിന്റെ ഗുണമേന്മകളെക്കുറിച്ചും ദോഷങ്ങളെക്കുറിച്ചും ഭിന്ന അഭിപ്രായങ്ങൾ ശാസ്ത്രസമൂഹത്തിൽ തന്നെ നിലനില്ക്കുന്നു. ഇതിലുപരി ഇതിന്റെ ജൈവ സുരക്ഷിതത്വം പൂർണ്ണമായി ഉറപ്പ് വരുത്താതെ കേരളം പോലെ ജൈവവൈവിദ്ധ്യ കലവറയായ ഒരു സംസ്ഥാനത്ത് നടപ്പിലാക്കുന്നത് യുക്തിസഹമല്ല. |
| ഡി) ഈ തീരുമാനം പുന:പരിശോധിക്കണമെന്നും ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങളും അഭിപ്രായ സമന്വയവും ഉണ്ടാകണമെന്നുമുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 29 07.02.2011 - ൽ മറുപടിക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ അവശ്യ സാധനങ്ങൾക്ക് ഉണ്ടാകുന്ന ദൗർലഭ്യം, ഉൽപ്പാദനക്കുറവ്, പ്രതികൂല കാലാവസ്ഥ, എന്നിവയും, ഇന്ധനവില വ്യത്യാസം, അന്താരാഷ്ട്ര വിപണന വ്യത്യാസം എന്നിവയും വിലവർദ്ധനവിന് ഇടയാക്കാറുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.<br>വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കറ്റിടപെടൽ പദ്ധതി തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച്,<br>1) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതു വിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണ ചെയ്യുന്നുണ്ട്.<br>2) സപ്ലൈകോയുടെ എല്ലാ വിൽപ്പന ശാലകൾ വഴിയും 12.70 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും വിതരണം ചെയ്ത് വരുന്നു.<br>3) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, ബോധന, പച്ചരി)ക്ക് കിലോ ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.<br>4) കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ |

സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി/ തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 9 മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള ആവശ്യമായ വാഹനങ്ങൾ വാങ്ങി ക്കഴിഞ്ഞു. ഇവ ഈ മാസം മുതൽ പ്രവർത്തനം ആരംഭിക്കും. നിലവിൽ ഇത്തരം 8 മൊബൈൽ മാവേലികൾ പ്രവർത്തിക്കുന്നുണ്ട്.

5) 4 വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നതിന്റെയും സപ്ലൈകോ യിൽ ജനങ്ങൾ കൂടുതലായി വിശ്വാസ മർപ്പിക്കുന്നുവെന്നതിന്റെയും വ്യക്തമായ തെളിവാണ്.

6) ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുക വഴി എല്ലാ വിൽപ്പന ശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി, ഗുണ നിലവാരം ഉറപ്പാക്കുകയും ഉപഭോ- ക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണ നിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

7) ശാസ്ത്രീയമായ വിലനിർണ്ണയ സംവി ധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുക വഴി പൊതു വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

8) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾ വഴി നിയന്ത്രിക്കുക യും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

9) ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻകടകൾ വഴി ഫോർട്ടി ഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

10) എ.ആർ.ഡി. ശബരിസ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും നിത്യോപ യോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ

വിതരണം ചെയ്തു വരുന്നു. മേൽപ്പറഞ്ഞ നടപടികൾ വഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതു വിപണി വില കളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

11) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണ ത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 3-7% വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP -ൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

12) പൊതുവിപണിയിലേതിനെക്കാൾ 20% വരെ വില കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ 'ശബരി' എന്ന പേരിൽ വിപണിയിൽ വില്പന നടത്തി വരുന്നു.

13) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവ കാല ചന്തകൾ നടത്തി വരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണ ച്ചന്തകൾ/ ഫെയറുകൾ ഉണ്ടായിരിക്കും.

14) ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചിക പ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

15) പച്ചക്കറികളുടെ വിലയിൽ ഉണ്ടായേ ക്കാവുന്ന വില വർദ്ധനവ് തടയുന്ന തിലേക്കായി സപ്ലൈകോയുടെ തെര-ഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളും പൊതു വിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തി വരുന്നുണ്ട്.

16) സബ്സിഡി നൽകി പഞ്ചസാര 25രൂപാ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

ഇതു കൂടാതെ പൊതുജനങ്ങൾക്ക് 10 മുതൽ 15 രൂപാ വരെ നിരക്കിൽ ഊണ് നൽകുന്നതിന് മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ബി.പി.എൽ/ എ.എ.വൈ. വിഭാഗത്തിൽപെട്ട എല്ലാ കാർഡുടമകൾക്കും, എ.പി.എൽ. വിഭാഗത്തിൽപെട്ട പട്ടികജാതി/ പട്ടികവർഗ്ഗ., മത്സ്യതൊഴിലാളി ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്കും 2 രൂപാ നിരക്കിൽ അരിയും ഗോതമ്പും നൽകി വരുന്നു.

(ബി) നിലവിലുള്ള അവശ്യ സാധന നിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു മൂലമുണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇല്ല.

(സി) വിലക്കയറ്റം തടയുന്നതിന്, നിത്യോപയോഗ സാധനങ്ങൾ പൊതു വിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) എത്ര കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചത്; പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) 337 കോടി രൂപായുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര അനുമതി ലഭിച്ചിട്ടില്ല.

(ഇ) വിലക്കയറ്റം തടയുന്നതിന് വിപണി ഇടപെടലിനായി പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ഇ) വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് നോൺ പ്ലാൻ ഫണ്ടിൽ നിന്നുമാണ് തുക അനുവദിക്കാറുള്ളത്. ഇതു സാമ്പത്തിക വർഷം (2010-2011) 74.31 കോടി രൂപ അനുവദിച്ചതിൽ നിന്നും 73.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം
## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 30. 07.02..2011–ൽ മറുപടിക്ക്
## വിലക്കയറ്റം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.എം.എം.മോനായി | ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പുമന്ത്രി |

| | |
|---|---|
| (എ). കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചു ചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചത് ; വിശദാംശം നൽകുമോ ; | കേന്ദ്ര ധനമന്ത്രി കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ താഴെ പ്പറയുന്നവയാണ്.<br><br>i) ഒൻപതാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതു വഴിയുണ്ടാ-കാവുന്ന അധിക ചെലവ് നേരിടുന്നതിന് കടമെടുക്കൽ പരിധി 3.5 ശതമാനത്തിൽ നിന്ന് 4 ശതമാനമാക്കി ഉയർത്തുക.<br><br>ii) പൊതുവിതരണ ശൃംഖലകൾ ശക്തമാക്കി വിലനിലവാരം പിടിച്ചു നിർത്തുവാൻ കേരളം സമർപ്പിച്ച 337 കോടി രൂപയ്ക്കുളള പദ്ധതിയുടെ ചെലവിന്റെ പകുതിയെങ്കിലും കേന്ദ്രം വഹിക്കുക.<br><br>iii) വളം, വൈദ്യുതോല്പാദന പ്ളാന്റുകൾക്കായി മുൻഗണനാടിസ്ഥാനത്തിൽ പ്രകൃതിവാതകം നൽകുക.<br><br>iv) സംസ്ഥാന ഹൈവേകൾ, ജില്ലാതല റോഡുകൾ, മറ്റു റോഡുകൾ എന്നിവയുടെ അപ്ഗ്രേഡേഷനായി ആയിരം കോടി രൂപ അനുവദിക്കുക.<br><br>v). സംസ്ഥാനത്ത് ഒരു ഐ.ഐ.റ്റി. സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.<br><br>vi) നെല്ല്, കൊപ്ര എന്നിവയുടെ താങ്ങുവില ഉയർത്തുക |
| (ബി). വിലക്കയറ്റം തടയുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രത്യേക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; | പൊതുവിതരണ ശൃംഖലകൾ ശക്തമാക്കി വിലനിലവാരം പിടിച്ചു നിർത്തുവാൻ കേരളം സമർപ്പിച്ച 337 കോടി രൂപയ്ക്കുളള പദ്ധതിയുടെ ചെലവിന്റെ പകുതിയെങ്കിലും കേന്ദ്രം വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിനായി 1000 കോടി രൂപ ഇടുക്കി പാക്കേജിന്റെ ഭാഗമായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (സി). ഏതെല്ലാം പദ്ധതികൾക്ക് അധിക സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ; | സംസ്ഥാന ഹൈവേകൾ, ജില്ലാതല റോഡുകൾ, മറ്റു റോഡുകൾ എന്നിവയുടെ അപ്ഗ്രേഡേഷനായി 1000 കോടി രൂപ അനുവദിക്കുക, പാമോയിലിന് അനുവദിക്കുന്ന തരത്തിൽ വെളിച്ചെണ്ണയ്ക്കും ഒരു ലിറ്ററിന് 15 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുക. ഫാക്ടിന് പലിശരഹിത വായ്പയായി 450 കോടി അനുവദിക്കുക, ഇടുക്കി പാക്കേജിന്റെ ഭാഗമായി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിനായി 1000 കോടി രൂപ അനുവദിക്കുക, വിദ്യാഭ്യാസാവകാശ നിയമം നടപ്പിലാക്കുന്നതിനായി അധിക ഗ്രാന്റ് അനുവദിക്കുക തുടങ്ങിയവയാണ് സാമ്പത്തിക സഹായം സംബന്ധിച്ച് ഉന്നയിച്ചിട്ടുളള പ്രധാന ആവശ്യങ്ങൾ |
| (ഡി). സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങളോട് കേന്ദ്ര ധനമന്ത്രിയുടെ പ്രതികരണം എന്തായിരുന്നു ; | സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ നിർദ്ദേശങ്ങൾ കേന്ദ്ര ബഡ്ജറ്റ് രൂപീകരണത്തിൽ പരിഗണിക്കുമെന്ന പൊതുവായ പ്രതികരണമാണ് കേന്ദ്ര ധനകാര്യ മന്ത്രിയിൽ നിന്നുണ്ടായത്. |
| (ഇ). വിലക്കയറ്റം തടയുന്നതിന് വിപണി ഇടപെടലിനായി സപ്ളൈകോയ്ക്കും കൺസ്യൂമർഫെഡിനും കൂടുതൽ തുക വകയിരുത്താൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ? | വിപണി ഇടപെടലിനായി സിവിൽ സപ്ളൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡിനും അധിക സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ